(എ) വിദേശ മലയാളികൾക്കുവേണ്ടി ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുള്ള ക്ഷേമപദ്ധതികൾ ഏതു ഏജൻസി മുഖേനയാണ് പ്രാവർത്തികമാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഓവർസീസ് ഡെവലപ്പ്മെന്റ് ആൻറ് എംപ്ലോയ്മെന്റ് പ്രമോഷൻ കൺസൾട്ടൻസ് ലിമിറ്റഡ്, തിരുവനന്തപുരം മുഖേനയാണ് ക്ഷേമപദ്ധതികൾ പ്രാവർത്തികമാക്കുന്നത്.

(ബി) മലയാളികൾ വിദേശത്ത് ജോലിയിലിരിക്കുമ്പോൾ അവർക്കും അവരുടെ കുടുംബാംഗങ്ങൾക്കും അടിയന്തിര സന്ദേശങ്ങൾ കൈമാറുക, പണമിടപാടുകൾ സംബന്ധിച്ച് ഒത്താശകൾ ചെയ്തുകൊടുക്കുക, തൊഴിൽ കണ്ടെത്താൻ മാർഗ്ഗനിർദ്ദേശം നൽകുക, പാസ്പോർട്ട് സംബന്ധമായ സഹായങ്ങൾ ചെയ്യുക, ഇന്ത്യയിൽ തിരിച്ചെത്തിയാൽ സ്വയം തൊഴിൽ കണ്ടെത്തുന്ന കാര്യത്തിലും നികുതിയടക്കുന്ന കാര്യത്തിലും സഹായങ്ങൾ നൽകുക, തുടങ്ങിയ പൊതുവായ ക്ഷേമ പ്രവർത്തനങ്ങൾക്കുപുറമെ വിദേശ മലയാളികളുടെ ഓഹരിമൂലധനം സ്വരൂപിച്ച് സ്പിന്നിംഗ് മിൽ തുടങ്ങിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുക, ഭവനനിർമ്മാണ ബോർഡുമായി സഹകരിച്ച് വിദേശ മലയാളികൾക്കുവേണ്ടി ഭവനനിർമ്മാണ പദ്ധതികൾ നടപ്പിലാക്കുക മുതലായവയാണ് ഇപ്പോൾ നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ.

കേരളത്തിലെ റോഡുകളുടെ മോശമായ സ്ഥിതി

925 [1697] ശ്രീ. പി. സി. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ റോഡുകളുടെ മോശമായ സ്ഥിതിക്കുള്ള കാരണങ്ങൾ കണ്ടുപിടിച്ച് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുവാൻ എഞ്ചിനീയർമാരുടെ ഒരു വിദഗ്ദ്ധ സമിതിയെ നിയമിക്കുമോ;

ഉത്തരം

പണത്തിന്റെയും സാധനസാമഗ്രികളുടെയും അപര്യാപ്തത കാരണം യഥാകാലം അറ്റകുറ്റപണികൾ നടത്താത്തതാണ് റോഡുകളുടെ മോശമായ സ്ഥിതിക്ക് പ്രധാന കാരണം. അതിനാൽ ഇക്കാര്യത്തിൽ ഒരു വിദഗ്ദ്ധ സമിതിയുടെ സേവനം ആവശ്യമുണ്ടെന്നു കരുതുന്നില്ല.

പൊതുമരാമത്തു വകുപ്പിലെ ചീഫ് എഞ്ചിനീയർമാർ

926 [1698] ശ്രീ. വി. വി. ജോസഫ് (കുണ്ടറ:) താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ മരാമത്തുവകുപ്പിൽ എത്ര ചീഫ് എഞ്ചിനീയർമാരുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly